



# പച്ച, മഴവില്ലിലെ മറ്റുനിറങ്ങളുമായി കലരുമ്പോൾ

കെ. രാജൻ

**കേരളത്തിലെ പ്രകൃതി-പരിസ്ഥിതി സാംസ്കാരിക പ്രവർത്തനങ്ങളുടെയും അവബോധ ശ്രമങ്ങളുടെയും പശ്ചാത്തലത്തിലേയ്ക്ക് ഒരെത്തിനോട്ടം. പുഷ്ടിപ്പെടുത്തലിനായി പ്രതികരണങ്ങൾ പ്രതീക്ഷിക്കുന്നു.**

സൈലന്റ് വാലി പ്രശ്നത്തോടെ കേരളത്തിൽ മുളപൊട്ടിയ പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ ഇന്ന് പലേ ഇണർച്ചങ്ങളായി പടർന്നിട്ടുണ്ട്. ബഹുസാംസ്കാരിക ഭിന്നപ്രവാഹങ്ങളായി പകർന്നിട്ടുണ്ട്. പശ്ചിമഘട്ടരക്ഷായാത്ര, മത്സ്യത്തൊഴിലാളികളുടെ സമരം, അണുനിലയം സ്ഥാപിക്കുന്നതിനെതിരെയുള്ള സമരം, ഭാരതപ്പുഴ സംരക്ഷണസമിതി, ചാലക്കുടിപ്പുഴ സംരക്ഷണസമിതി, പെരിയാർ സംരക്ഷണസമിതി, എന്നിവയുടെ പ്രവർത്തനങ്ങൾ, ലാലൂർ സമരം, പ്ലാച്ചിമട, എൻഡോസൾഫാൻ വിരുദ്ധസമരം, മുത്തങ്ങാസമരം....

എൻ.വി. കൃഷ്ണവാരിയർ, വിഷ്ണുനാരായണൻ നമ്പൂതിരി, ജോൺ സി. ജേക്കബ്, എം.കെ. പ്രസാദ്, സതീശ്ചന്ദ്രൻ നായർ, എസ്. പ്രഭാകരൻ നായർ, എസ്. ശാന്തി, സുഗതകുമാരി, പി.എൻ. ഉണ്ണികൃഷ്ണൻ, എസ്. ശങ്കർ, ആർ.വി.ജി. മേനോൻ, എ. മോഹൻകുമാർ, പി. സുന്ദരരാജൻ, കളം രാജൻ, ജോൺ പെരുവന്താനം, എസ്. ഉഷ, കെ.വി. സുരേന്ദ്രനാഥ്, രാജൻ റോബർട്ട്, ഇ. കുഞ്ഞികൃഷ്ണൻ, എ. ലത, എ.ഒ. ഫ്രാൻസിസ്... എന്നിവർ ഈ രംഗത്തെ മുമ്പേപറന്ന പക്ഷികളാണ്. ഇന്ന് ചിലർ മരണത്തിലേക്കും മൗനത്തിലേക്കും ചിറകൊതുക്കി. ചിലർ പറന്നു കൊണ്ടേയിരിക്കുന്നു. ആരാവാരങ്ങളില്ലാതെ.

കെ.കെ. നീലകണ്ഠനുശേഷം, പി.എ. ഉത്തമൻ, നമശിവായം, സി. സുശാന്ത്, രാജു, നമീർ.... എന്നീ പക്ഷിനിരീക്ഷകർ, എൻ.പി. രാജേന്ദ്രൻ, എൻ. പദ്മനാഭൻ എന്നീ ഹരിത പത്രപ്രവർത്തകർ, ലാറി ബേക്കറിന്റെയും യൂജിൻ പണ്ടാലയുടെയും ഹരിത വാസ്തുവിദ്യ, കെ.ജെ. ബേബിയുടെ കനവ് സ്കൂൾ, തൃശൂരിലെ സൽസബീൽ സ്കൂൾ എന്നീ ഹരിത വിദ്യാലയങ്ങൾ. ഗൗതം സാരംഗ് എന്ന ഒറ്റയാൾ മൾട്ടിവേഴ്സിറ്റി, കെ.വി. ദയാൽ, എബ്രഹാം കൂത്തോട്ടിൽ, ഡോ. പോൾ നീലങ്കാവിൽ, ടോണി തോമസ്, കെ. ബഷീർ, സാരംഗ് എന്നീ ഹരിത കർഷകർ, തൃശൂരിലെ എം.ജി. റോഡിലെ ആൾട്ടർ മീഡിയ എന്ന ബദൽ പുസ്തകശാല, കോഴിക്കോട്ടെ എലമെന്റ്സ്, മുള കരകൗശല കലാകാരന്മാരുടെ കൂട്ടായ്മയായ വയനാട്ടിലെ 'ഉറവ്', ജിനൻ നയിക്കുന്ന നിലമ്പൂരിലെ മൺശില്പികളുടെ കൂട്ടായ്മയായ 'കുംഭം', പാഠഭേദം, വൈദ്യശസ്ത്രം, കേരളീയം, പ്രസാദം, സൂചിമുഖി, ഒരേ ജീവൻ ഒരേ ഭൂമി എന്നീ ഹരിത മാസികകൾ എന്നിവ പൊട്ടിപ്പൊട്ടിപ്പകർന്ന് ഹരിത പ്രതിസംസ്കാരത്തിന്റെ നാരുവേരുപടലത്തെ ആഴത്തിൽ പടർത്തുന്നു.

ആര്യൻ പ്രകൃതി ജീവനരീതി പിന്തുടരുന്ന സി. ആർ.ആർ. വർമ്മയും കൂട്ടരും, ആധുനിക പ്രകൃതി ചികിത്സാദർശനം അവതരിപ്പിച്ചു. ടി.എ. ശേഖരൻ, നൽവാഴ്വിന്റെ ദ്രാവിഡ(ശൈവ)രീതി പിന്തുടരുന്ന കെ. ബഷീർ, ജോൺ ബേബി, ഗാന്ധിയൻ പ്രകൃതി ചികിത്സാരീതി പിന്തുടരുന്ന എസ്.കെ. മാധവൻ, പി. എ. രാധാകൃഷ്ണൻ, ഇ. നാരായണൻ ജേക്കബ് വടക്കൻചേരി, പി.പി. ദേവസ്യ, കല്യാൺ ഉൽപ്പലാക്ഷൻ എന്നിവരുടെ ഇടപെടലുകൾ പ്രകൃതി ജീവന മേഖലയെ ഉർവരമാക്കിയിട്ടുണ്ട്. ഈ മേഖലയിലെ പലേ

സമ്പ്രദായങ്ങളും ഇടകലർന്ന് പരസ്പരം പുഷ്ടിപ്പെടുത്തിയിട്ടുണ്ട്.

കോഴിക്കോട്ടെ പത്തായം, എറണാകുളത്തും മണ്ണാർക്കാടുംം ചമ്പക്കരയിലുമുള്ള അരുവി എന്നീ പ്രകൃതിഭക്ഷണശാലകൾ എന്നിവ എതിർ ആഹാര സംസ്കാരത്തെ സൃഷ്ടിക്കുന്നുണ്ട്.

പൊക്കുടന്റെയും സി.കെ. ജാനുവിന്റെയും ഇടപെടലുകൾ ഈ മേഖലയിൽ കുതിച്ചുചാട്ടമുണ്ടാക്കി. ഇവ ദളിത് പരിസ്ഥിതി വ്യവഹാരത്തിനും ആദിവാസി പരിസ്ഥിതി വ്യവഹാരത്തിനും തുടക്കം കുറിച്ചു. ഇടത്തട്ടുകാരുടെ കോഴിപ്പറക്കലുകൾക്കപ്പുറം പോയ പരുന്തിൻചിറകുള്ള ചലനാത്മകത സൃഷ്ടിച്ചു. വിഭവാധികാരവും ജനങ്ങളുടെ രാഷ്ട്രീയ സ്വയംനിർണ്ണയാവകാശവുമായി പരിസ്ഥിതി പ്രശ്നത്തെ ബന്ധിപ്പിച്ച് രാഷ്ട്രീയമായി വൈദ്യുതീകരിച്ചു. പ്ലാച്ചിമട സമരസമിതിയുടെ ജലാധികാരയാത്രയും വിഭവാധികാരത്തിന്റെ സൂക്ഷ്മ രാഷ്ട്രീയത്തെ ഉന്നയിക്കുന്നു.

## ഹരിത സംസ്കാരം

കേരളത്തിലെ അധിനിവേശാധുനികത വികസനാധുനികതയായിരുന്നു. ഈ വികസനരീതിയുടെയും ജീവിതശൈലിയുടെയും സാംസ്കാരികവിമർശനം ഇടശ്ശേരിയുടെയും പി. കുഞ്ഞിരാമൻ നായരുടെയും കവിതകളിൽ പ്രത്യക്ഷപ്പെടുന്നു.

സൈലന്റ് വാലി പ്രക്ഷോഭം കവിതയെ പ്രകൃതിയുടെ മുറിവുകളിലേക്ക് ക്ഷണിച്ചു. സുഗതകുമാരിയുടെ മരത്തിനുസ്തുതി, തുലാവർഷപ്പച്ച, മലമുകളിലിരിക്കുമ്പോൾ, അയ്യപ്പപ്പണിക്കരുടെ കാടെവിടെ മക്കളേ? ഉദയാസ്തമനം, പാലങ്ങൾ, ഒ.എൻ.വിയുടെ ഭൂമിക്കൊരു ചരമഗീതം, ആരണ്യകം, സൂര്യഗീതം, ഒരു തൈ നടുമ്പോൾ, ആർ. രാമചന്ദ്രന്റെ കൃതജ്ഞത, ആറ്റൂർ രവിവർമ്മയുടെ മൊട്ട, മഴനാട്, നാട്ടുമഴ, വേലയിറക്കം, കടമ്മനിട്ടയുടെ സ്വർണ്ണനാഗങ്ങൾ, കുഞ്ഞേ മുലപ്പാൽ കുടിക്കരുത്, നദിയൊഴുകുന്നു. കെ.ജി. ശങ്കരപ്പിള്ളയുടെ കൊച്ചിയിലെ വൃക്ഷങ്ങൾ, തത്വചിന്തയുമായി ഞാനുലാത്തുമ്പോൾ, മണൽക്കാലം, പുഴ നമുക്ക്, സച്ചിദാനന്റെ പച്ച, ഏഴിമല, ഡി. വിനയചന്ദ്രന്റെ കാട്. എ. അയ്യപ്പന്റെ വടവൃക്ഷം, ഭൂമിയുടെ കാവൽക്കാരൻ, വിജയലക്ഷ്മിയുടെ മാർത്ത, വീരാൻകുട്ടിയുടെ ആശുപത്രി, മരങ്ങളുടെ ആശുപത്രി, കടം, പരൽമീനുകൾ, തീരെ ചെറിയ ഇനം ഒച്ചകൾ, പി. രാമന്റെ നിശ്ശബ്ദതയ്ക്ക് ഒരു ചരമക്കുറിപ്പ്, ഓരോ തുലാമഴയ്ക്കോരോ കിണറ്റിലും, മോഹനകൃഷ്ണൻ കാലടിയുടെ മിണ്ടാത്തവൾ, പൂത്താങ്കീരി, പി. എൻ. ഗോപീകൃഷ്ണന്റെ ചാള, നദി, തവളയെ കണ്ടിട്ടുണ്ടോ? എസ്. ജോസഫിന്റെ കൊട്ട, ഇടം, വഴിച്ചാലുകൾ, എം.ആർ. രേണുകുമാറിന്റെ വിഭവഭൂപടങ്ങൾ, അലച്ചുവീണുപെയ്ത്, പുൽച്ചാടി എന്നീ കവിതകൾ പ്രകൃത്യനുഭവ സാക്ഷ്യങ്ങളായി ഇലമുളച്ചിയെപ്പോലെ പൊട്ടിമുളച്ചുകൊണ്ടേയിരിക്കുന്നു.

മലയാള ചെറുകഥയിലെ ഹരിതധാര ഉറവപ്പൊട്ടുന്നത് ബഷീറിന്റെ ഭൂമിയുടെ അവകാശികൾ, തേന്മാവ്, മാന്ത്രികപ്പൂച്ച എന്നീ കൃതികളോടെയാണ്. ഒ.വി. വിജയന്റെ പാറകൾ, തിരിച്ചുപോക്ക്, ഉപനിഷത്ത്, കൃഷ്ണപ്പരുന്ത്, മധുരംഗായതി എന്നീ കഥകൾ ഔപനിഷദിക സംസ്കാരത്തിന്റെ ധാരയെ പിന്തുടരുന്നു. കഥയിലെ ബഹുസാംസ്കാരിക സംവാദമാകാൻ ഇവയ്ക്കു കഴിയുന്നില്ല. ആധുനികതാവിമർശനത്തിന്റെ മൂർച്ച ഇവയ്ക്ക് ഉണ്ടെങ്കിലും.

സക്കറിയയുടെ അ എന്ന വേട്ടക്കാരൻ, കുഴിയാനകളുടെ ഉദ്യാനം, ശന്തനുവിന്റെ പക്ഷികൾ എന്നീ കഥകൾ അപൂർവ്വമനോഹരങ്ങളാണ്. എൻ.പി. മുഹമ്മദിന്റെ 'ദൈവത്തിന്റെ കണ്ണ്' എന്ന നോവലിൽ ഇസ്ലാമിക പ്രകൃത്യത്മീയതയുടെ ചന്ദ്രകലാശോഭ ജ്വലിച്ചുനിൽക്കുന്നു.

എം.പി. നാരായണപ്പിള്ളയുടെ നായ, ഉണങ്ങിയ മൃഗങ്ങൾ, അയ്മനം ജോണിന്റെ ഉട്ടോപ്പിയ, അന്തിക്രിസ്തുവിനുമുമ്പ്, ഡാർവിൻ എന്ന മകൻ, ഓറിയോൺ, വീട്, നദീതടം - ചില ഓർമ്മക്കുറിപ്പുകൾ, രഘുനാഥ് പലേരിയുടെ മുറ്റത്തൊന്നും പൂക്കൾ കാണുന്നില്ലല്ലോ, ജോസഫ് മരിയന്റെ ചതുരപ്പെരുങ്കുളം, യൗവ്വനത്തിന്റെ കടൽ, സാറാ ജോസഫിന്റെ തായ്കുലം, കാതോർത്തിരിക്കൂ, കെ.എ. സെബാസ്റ്റ്യന്റെ വിയറ്റ്നാം എന്നിവ പ്രകൃതിയുമായുള്ള ഹൃദയസംവാദങ്ങളാണ്. കേരളത്തിലെ പാരിസ്ഥിതിക ചിത്രകലയുടെ പുഷ്പിക്കലാണ് കെ. ഷെരീഫിന്റെ ചിത്രങ്ങളും ചിത്രണങ്ങളും. ബി. മാധവമേനോന്റെ കാല്പനികച്ഛായയുള്ള പ്രകൃതിദൃശ്യങ്ങൾക്കും കെ.എസി.എസ്. പണിക്കരുടെ നദി, കനാൽ തുടങ്ങിയ ഗ്രാമദൃശ്യങ്ങൾക്കും എ.എസിന്റെ നിഴൽക്കൂത്താടിനിൽക്കുന്ന പ്രകൃതിദൃശ്യങ്ങൾക്കും മോഹനന്റെ വ്രണിത പ്രകൃതിദൃശ്യങ്ങൾക്കുശേഷം പ്രാദേശിക ഭൂപ്രകൃതി അതിന്റെ പൊട്ടിത്തരിക്കുന്ന ഉർവരതയോടെ, ജൈവതീക്ഷ്ണതയോടെ, അസമ്മിതിയില്ലാതെ, കെ. ഷെരീഫിന്റെ ചിത്ര-ചിത്രണങ്ങളിൽ അവതരിക്കുന്നു.

കേരളത്തിലെ പാരിസ്ഥിതിക ശില്പകല തുടങ്ങുന്നത് കാനായി കുഞ്ഞിരാമന്റെ ഉർവരത, സമുദ്രകന്യക, തുടങ്ങിയ തുറസ്സായ സ്ഥലത്തെ ശില്പങ്ങളിലൂടെയാണ്. റിംസന്റെ ശില്പങ്ങളിലും പ്രകൃതിയുടെ മുറിവുകളെ കുറിച്ചുള്ള വേദനയുണ്ട്. ടി.കെ. രാജീവ് കുമാറിന്റെ 'ജലമർമ്മരം' (കഥ - ബി. ഉണ്ണികൃഷ്ണൻ) ആണ് നമ്മുടെ ആദ്യത്തെ ഹരിത സിനിമ. ശ്യാമപ്രസാദിന്റെ 'നിലാവ് അറിയുന്നു' എന്ന സീരിയലും കെ.പി. ശശിയുടെയും ശരത്ചന്ദ്രന്റെയും ഡോക്യുമെന്ററികളും ശ്രദ്ധേയങ്ങളാണ്. പി.എസ്. രാജൻ എന്ന നാട്ടുശില്പിയുടെ ശില്പങ്ങളിൽ ദളിത് പ്രകൃതി സംസ്കാര മുദ്രകളുണ്ട്. റസാക്ക് കോട്ടയ്ക്കലാണ് ഹരിത ഛായാഗ്രഹണത്തിന്റെ അഗ്രഗാമി. രാമു അരവിന്ദൻ, എൻ.എ. നസീർ... എന്നിങ്ങനെ തുടരുന്നു.


## കേരളത്തിലെ പരിസ്ഥിതി സൗന്ദര്യദർശനം

കേരളത്തിലെ പരിസ്ഥിതി സൗന്ദര്യദർശനം ഏറെ ദൂരം മുന്നേറിയിട്ടുണ്ട്. ആഷമേനോനാണ് ഈ വഴിയിലെ ആദ്യയാത്രക്കാരൻ. ആഷമേനോന്റെ കലിയുഗാരണ്യകങ്ങൾ, തനുമാനസി, ജീവന്റെ കയ്യൊപ്പ്, പയസ്വിനി, ഹെർബേറിയം എന്നിവ പ്രകൃതിയിലേക്കുള്ള തീർത്ഥാടനങ്ങളാണ്. ആഷാമേനോന്റെ ഹരിതാത്മീയതയുടെ പാരമ്പര്യ സ്രോതസ്സ് കാളിദാസനിലും ആരണ്യകങ്ങളിലും ഉപനിഷത്തുക്കളിലും പ്രത്യക്ഷപ്പെടുന്ന ക്ലാസിക്കൽ ഹൈന്ദവ സംസ്കൃതിയാണ്. ടി.പി. സുകുമാരന്റെ പരിസ്ഥിതി സൗന്ദര്യ ശാസ്ത്രത്തിനൊരു മുഖവുര, കെ.സി.നാരായണന്റെ വൃക്ഷവും, പുകയും എന്ന ലേഖനം (മലയാളികളുടെ രാത്രികൾ, ഡി.സി.ബുക്സ്) ജി. മധുസൂദനന്റെ കഥയും പരിസ്ഥിതിയും, ഹരിത നിരൂപണം മലയാളത്തിൽ (എഡിറ്റർ) ഭാവുകത്വം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ, സി.ആർ. രാജഗോപാലിന്റെ ഗോത്രകലാവടിവുകൾ, വിജയ് കുമാർ മേനോന്റെ 'ദൈവത്തായ്', കെ. ഷെറീഫിന്റെ ചിത്രമെഴുത്തുകൾ, മിനി പ്രസാദിന്റെ ലേഖനങ്ങൾ എന്നിവ സംസ്കാരാനുഭവത്തിന്റെ ഹരിതസാക്ഷ്യം അടയാളപ്പെടുത്തുന്നു.

## ഹരിത സാമൂഹ്യദർശനം

കെ. ഭാസ്കരൻനായരുടെ പഠനങ്ങളിലാണ് ആദ്യമായി പാരിസ്ഥിതിക ഉത്കണ്ഠകൾ പ്രത്യക്ഷപ്പെടുന്നത്. (ഹരിതസൗന്ദര്യശാസ്ത്ര നിരീക്ഷണങ്ങളും) കെ.കെ. നീലകണ്ഠന്റെ പുല്ലുമുതൽ പൂനാരവരെ, കേരളത്തിലെ പക്ഷികൾ, എസ്. പ്രഭാകരൻനായരുടെയും എസ്. സതീശ്ചന്ദ്രൻനായരുടെയും എസ്. ശങ്കറിന്റെയും എസ്. ശാന്തിയുടെയും പഠനങ്ങൾ ഹരിത സാമൂഹ്യദർശനത്തിന് ആഴവും പരപ്പും ഊർജ്ജവും നൽകി. ആർ. നന്ദകുമാറിന്റെ 'കെട്ടിയ ഇടത്തിന്റെ പരിസ്ഥിതി വിജ്ഞാനീയം (കേരളപഠനങ്ങൾ-4) എസ്. രാജുവിന്റെ സർപ്പവും ആഖ്യാനവും (കേരളപഠനങ്ങൾ-1, Developmentalism in Kerala, Developmental Modernity in Kerala (Contemporary India) ജെ. ദേവികയുടെ കേരളത്തിന് ചേർന്ന പാരിസ്ഥിതിക സ്ത്രീവാദം (മാധ്യമം വാരിക, 2004 ജൂൺ 11). ഫാദർ എസ്. കാപ്പന്റെ പരിസ്ഥിതി-സംസ്കൃതി, പ്രവചനം പ്രതിസംസ്കൃതി, പാരമ്പര്യം ആധുനികത പ്രതിസംസ്കൃതി (പാഠഭേദം പുസ്തകം) എന്നിവയിലെ കണ്ടെത്തലുകളാണ് കേരളത്തിൽ ഹരിത ആത്മീയതയുടെ ആദ്യത്തെ സ്വാതന്ത്ര്യസാക്ഷ്യങ്ങൾ.

സുഗതകുമാരിയുടെ കാവുതീണ്ടല്ലേ, എം.ടിയുടെ പലേ ലേഖനങ്ങൾ, ആർ.വി.ജി. മേനോന്റെ പരിസ്ഥിതി പ്രശ്നങ്ങൾ കേരളത്തിൽ, കെ. അരവിന്ദാക്ഷന്റെ അമ്മയെ മറന്നുപോകുന്ന ഉണ്ണികൾ എന്നിവ ശ്രദ്ധേയങ്ങളായ പഠനങ്ങളാണ്. ആർ.വി.ജി. മേനോൻ, പരിസ്ഥിതിയുടെ ആത്മീയതയെ കുറിച്ച് ശ്രദ്ധേയങ്ങളായ നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നുണ്ട്. കേരളശാസ്ത്രസാഹിത്യ പരിഷത്തിന്റെ വസ്തുവാദപരവും ശാസ്ത്ര



ഫോട്ടോ കടപ്പാട് : ലിങ്ക്

മൗലികവാദപരവും യുക്തിവാദപരവുമായ കടമ്പകളെ ഈ പുസ്തകം ചാടിക്കടക്കുന്നു.

ഇ. ഉണ്ണികൃഷ്ണന്റെ 'ഉത്തരകേരളത്തിലെ വിശുദ്ധവനങ്ങൾ' വടക്കൻ കേരളത്തിലെ കാവുകളെ കുറിച്ചുള്ള ശ്രദ്ധേയമായ പഠനമാണ്. വി.എച്ച്. ദിരാറിന്റെ 'ഊത്താല' കേരളത്തിന്റെ നാടൻ സാങ്കേതികവിദ്യാ പാരമ്പര്യത്തിന്റെ കാണാമറയത്തെ ഉറവകളെ പുറത്തുകൊണ്ടുവരുന്നു. സി.കെ. സുജിത്കുമാറിന്റെ 'കൃഷി മലയാളം' കേരളത്തിന്റെ തനതു കാർഷിക പാരമ്പര്യത്തിന്റെ ചരിത്രരേഖയാണ്. കെ. ബഷീറിന്റെ 'ഒറ്റയീർക്കിൽ വിപ്ലവം' ധാബോൽക്കറിന്റെ പ്രകൃതികൃഷിയെക്കുറിച്ചുള്ള പഠനമാണ്. ജോർജ്ജ് കെ. അലക്സിന്റെ 'ഹരിതരാഷ്ട്രീയം' (ഡി.സി. ബുക്സ്) പരിസ്ഥിതി പ്രശ്നത്തെ സൂക്ഷ്മരാഷ്ട്രീയവുമായി ബന്ധിപ്പിച്ച് പരിശോധിക്കുന്നു.

മാർക്സിയൻ വ്യവഹാരങ്ങളും പരിസ്ഥിതി പ്രശ്നവും തമ്മിലുള്ള ഇണക്കപിണക്കങ്ങളെ പരിശോധിക്കുന്ന പഠനങ്ങളാണ് കെ. സച്ചിദാനന്ദന്റെ പരിസ്ഥിതി രാഷ്ട്രീയം, സുനിൽ പി. ഇളയിടത്തിന്റെ വികസനവും പരിസ്ഥിതിയും, എൻ.എം. പിയേഴ്സണിന്റെ ഇക്കോ ഫെമിനിസം ഇക്കോടൂറിസം മാർക്സിസം, പരിസ്ഥിതി പ്രത്യയശാസ്ത്രവും മാർക്സിയൻ പ്രതിസന്ധിയും (ഡി.സി. ബുക്സ്) പി. പവിത്രന്റെ ഭൂമിയുടെ അവകാശികൾ (മാതൃഭൂമി വാരിക 2007 ഫെബ്രുവരി 4-10) ഇവ മാർക്സിയൻ വികസനവാദത്തെയും മനുഷ്യകേന്ദ്രിതത്വത്തെയും വിമർശിക്കുന്നുണ്ട് എന്നത് സ്വാഗതാർഹമാണ്. പക്ഷേ ഇതൊരു ഏച്ചുകൂട്ടലാണ്.

(തുടരുന്നു)

*കാരാട്ടിൽ വീട്, ശിവൻകുന്ന്, മണ്ണാർക്കാട് പി.ഒ.–678 582*